LIBRARY ARCHIVES Kerala Legislative Assembly

(ബി). പ്രസ്തുത പദ്ധതി പ്രകാരം 5400 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി ഇടങ്ങുന്നതിനായി 4000 രൂപ വീതം നൽകുന്നു. ഇതോടൊപ്പം പ്രവർത്തന ചെലവുകൾക്കായി 1000 രൂപ വീതവും നൽകുന്നുണ്ട്. കൂടാതെ 470 വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 10,000 രൂപ വീതം ധനസഹായം നൽകുന്നു.

(സി) പദ്ധതി വഴി കഴിഞ്ഞ വർഷം 1273.698 മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാൻ സാധിച്ചു.

(ഡി) 2014-15-ൽ 2500 വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പിലാക്കിയത്. 2015-16-ൽ ഈ പദ്ധതി 5400 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കി വരും വർഷത്തിലും ഈ പദ്ധതി തുടരുന്നതാണ്.

നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി അനുവദിച്ച തുക

214 (1687) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കഴിഞ്ഞ നാലര വർഷം ബഡ്ജറ്റിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കുമോ;

(ബി) ആയതിൽ കേന്ദ്ര ഫണ്ടിനത്തിൽ എത്ര തുക ലഭിച്ചുവെന്നും സംസ്ഥാന വിഹിതമായി എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) നെൽ കർഷകർക്ക് സബ്സിഡി ഇനത്തിൽ നൽകുന്നതിനുള്ള കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ നാലര വർഷം സംസ്ഥാനത്ത് നെൽകൃഷി പ്രോൽസാഹി പ്പിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും ചുവടെ ചേർത്തിരിക്കുന്നു :

നമ്പർ	വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവാക്കിയ തുക (ലക്ഷത്തിൽ)
1.	2011-12	3550	3454.51
2.	2012-13	5000	4679.60
3.	2013-14	5000	4177.34
4.	2014-15	4596.14	4556.669

(ബി) കഴിഞ്ഞ നാലര വർഷം കേന്ദ്ര ഫണ്ടിനത്തിൽ ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

നമ്പർ	വർഷം	ലഭിച്ച തുക (ലക്ഷത്തിൽ)
1.	2011-12	873.874
2.	2012-13	4883.377
3.	2013-14	7063.13
4.	2014-15	5914.814

സംസ്ഥാന വിഹിതമായി 15624.96 ലക്ഷം രൂപ അനുവദിച്ചിരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

ജൈവപച്ചക്കറി സംഭരണ നടപടികൾ

215 (1688) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ചെറുകിട കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവപച്ചക്കറി ഉല്പന്നങ്ങൾ സംഭരിക്കാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ; പ്രസ്തുത കാലയളവിൽ എത്ര രൂപയുടെ കാർഷിക ഉത്പന്നങ്ങൾ സംഭരിച്ചുവെന്നും ഇവയുടെ ഗുണനിലവാരം എപ്രകാരമാണ് നിർണ്ണയിച്ചത് എന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly